(ബി) ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനവും ഉപ ഭോഗവും തമ്മലുള്ള അന്തരം എത്രയാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് 2000 ആണ്ടിൽ വൈദ്യുതിയുടെ പ്രതിദിന ഉപയോഗം എത്രയായിരിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) 2000-ാമാണ്ടിൽ വൈദ്യുതിയുടെ ഉൽപ്പാദന ഉപയോഗ അന്തരം കുറച്ചു കൊണ്ടുവരുന്നതിനായി സർക്കാർ എന്തൊക്കെ മുൻകരുതലുകൾ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് അണുശക്തിയിൽ നിന്നും വൈദ്യുതി ഉത്പാദി പ്പിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണയിലുണ്ടോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവൻ കുറ്റമറ്റ രീതിയിൽ വിതരണം നടത്താനാവശ്യമായ പ്രസരണ-വിതരണ ശൃംഖലയുടെ അപര്യാപ്തത.

(ബി) വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.+

(സി) 1998-99-ൽ സംസ്ഥാനത്ത് വൈദ്യുതിയുടെ വാർഷിക ഉപ ഭോഗം 10963.01 ദശലക്ഷം യൂണിറ്റായിരുന്നു. അതിൽ 7842 ദശലക്ഷം യൂണിറ്റ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ചു. 1998-99-ൽ സംസ്ഥാനത്ത് ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള വാർഷികാന്തരം 3121.01 ദശലക്ഷം യൂണിറ്റാണ്. ഈ അന്തരം കേന്ദ്ര വിഹിതത്തിൽ നിന്നാണ് പരിഹരിച്ചിരുന്നത്.

(ഡി) പതിനാറാം പവർ സർവെയുടെ ഡ്രാഫ്റ്റ് റിപ്പോർട്ട് പ്രകാരം 2000-2001-ാമാണ്ടിൽ 13784 ദശലക്ഷം യൂണിറ്റായിരിക്കും സംസ്ഥാനത്തെ വൈദ്യുതിയുടെ വാർഷികാവശ്യം. ഇതനുസരിച്ച് പ്രതിദിന ശരാശരി ഉപഭോഗം 37.76 ദശലക്ഷം യൂണിറ്റായിരിക്കും.

(ഇ) വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

(എഫ്) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും സർക്കാരിന്റെ മുന്നിൽ വന്നിട്ടില്ല.

(ജി)&(എച്ച്)പ്രസക്തമല്ല.

29 (*295) വ്യവസായ സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപ്പെട്ട വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ബി) ഈ ഗവൺമെന്റ് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വ്യവസായസംരംഭകർക്ക് സാമ്പത്തികവും, മറ്റുവിധത്തിലുമുള്ള ആനുകൂല്യങ്ങൾ നൽകിയെന്ന് അറിയിക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ, കുടിൽ വ്യവസായ ശൃംഖല എന്നീ പദ്ധതികളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർക്ക് ചെറുകിട വ്യവസായമോ, തൊഴിലോ ചെയ്യുന്നതിന് 10,000/- രൂപാവരെ പലിശരഹിത വായ്പയും നൽകുന്നു. ഇതുകൂടാതെ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നേരിട്ടും, ബാങ്ക്, ദേശീയ പട്ടികജാതി പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ എന്നിവ മുഖേനയും പലവിധ പദ്ധതികൾ ഈ വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്നുണ്ട്. കുടിൽ വ്യവസായ ശൃംഖല പദ്ധതിപ്രകാരം 2.50 ലക്ഷം രൂപവരെയുള്ള വ്യവസായ സംരംഭകർക്ക് 50,000/- രൂപ വരെ സബ്സിഡി നൽകുന്നുണ്ട്.

(ബി) പട്ടികജാതി പട്ടിവർഗ്ഗ വികസന വകുപ്പുകൾ നിലവിലുള്ള പദ്ധതികൾ പ്രകാരം 80 പട്ടിക വർഗ്ഗക്കാർക്കും, 100 പട്ടികജാതിക്കാർക്കും പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 128 പേർക്കും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

30 (*206) വൈദ്യുതി ചാർജ് വർദ്ധനവുമൂലം വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതിചാർജ്ജ് വർദ്ധനവുമൂലം വിവിധ മേഖലയിലെ വ്യവസായങ്ങൾ കടുത്ത പ്രതിസന്ധിയെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ മേഖലയിൽ നിന്നും ഇതുമൂലമുണ്ടായിട്ടുള്ള പ്രതിസന്ധികളെപ്പറ്റി പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(സി) സർക്കാരിന് ലഭിച്ചിട്ടുള്ള പരാതികൾ എന്തൊക്കെയാണെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വൈദ്യുതിചാർജ്ജ് വർദ്ധന പുനഃപരിശോധിക്കുന്നതുൾപ്പെടെയുള്ള ആശ്വാസ നടപടികൾക്ക് സന്നദ്ധമാകുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) വൈദ്യുതിചാർജ്ജ് വർദ്ധനവുകൊണ്ടുമാത്രം കേരളത്തിൽ ഏതെങ്കിലും വ്യവസായം പ്രതിസന്ധി നേരിടുന്നതായി സർക്കാർ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly